**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ്– താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2009–2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.2– ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത സ്ഥാപനങ്ങൾക്കായി 74,996/– രൂപ (എഴുപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ് രൂപ മാത്രം) ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1819/2014/തസ്വഭവ. തിരുവനന്തപുരം, തീയതി: 15/07/2014

---

**പരാമർശം:**–1) ഗ്രാമവികസന കമ്മീഷണറുടെ 29.9.13 ലെ 18418/ഡിപി5/13/സി.ആർ.ഡി നമ്പർ കത്ത്.

2) താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.8.13 ലെ ഡി.895/12–ാം നമ്പർ കത്ത്.

3) താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 27.07.13 ലെ സാധാരണ മീറ്റിംഗിലെ IV 9(1), IV 9(2) നമ്പർ തീരുമാനങ്ങൾ.

4) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.03.2014 ലെ എൽ.എഫ് 21113/പി.റ്റി.3/13–ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

താനൂർ ബ്ലോക്ക് പഞ്ചായത്ത് 2009–10 ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.SO 55/10, SO56/10 എന്നിവ പ്രകാരം നിറമരുതൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലേയ്ക്കും താനൂർ ദേവധാർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെക്കും സൗണ്ട് സിസ്റ്റം വാങ്ങിയതിലേയ്ക്കായി യഥാക്രമം 35,000/– (മുപ്പത്തയ്യായിരം രൂപ മാത്രം) 34,996/– രൂപ (മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) ഉൾപ്പെടെ 69,996/ രൂപ (അറുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) ചെലവഴിക്കുകയുണ്ടായി. കൂടാതെ 13.06.2009–ൽ മഴക്കാല രോഗപ്രതിരോധ ക്യാംപ് നടത്തുന്നതിന് ഗവ.ആയൂർവേദ കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്നു വാങ്ങുന്നതിലേയ്ക്കായി 5000/– രൂപയും (അയ്യായിരം രൂപ മാത്രം) BPFA-I -ൽ നിന്ന് താനൂർ ഗവ.ആയൂർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർക്ക് നൽകുകയുണ്ടായി..

കേരള പഞ്ചായത്ത് രാജ് ആക്ട് 172–ാം വകുപ്പ് (1)–ാം ഉപവകുപ്പ് 4–ാം പട്ടിക അനുസരിച്ച് ഹയർസെക്കന്ററി സ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലായതിനാലും ഡിസ്ട്രിക്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിലല്ലാത്ത സ്ഥാപനങ്ങൾക്കായി ആകെ ചെലവഴിച്ച 74,996/– രൂപ (എഴുപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ് രൂപ മാത്രം) 2009–10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 (2) പ്രകാരം തടസ്സപ്പെടുത്തുകയും മേൽ ചെലവിന് സർക്കാർ സാധൂകരണത്തിന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. ആയതു പ്രകാരം സർക്കാർ സാധൂകരണം ലഭിക്കുന്നതിലേക്കായി പരാമർശം (3) ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സഹിതം താനൂർ ബ്ലോക്ക് പഞ്ചായത്ത് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ സെക്രട്ടറി ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്..

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവുകളുടെ ഉദ്ദേശശുദ്ധി പരിഗണിച്ചും ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയുടെ അപേക്ഷ കണക്കിലെടുത്തും 74,996/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഗ്രാമവികസന കമ്മിഷണറുടെ പരാമർശം 1-ലെ ശുപാർശയുടെയും പരാമർശം 3-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ പരാമർശം 4-ലെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്കായി 79,996/- രൂപ ചെലവു ചെയ്ത ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:-

1. സെക്രട്ടറി, താനൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് (എൻ.സി.എ&എ), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
6. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
7. വെബ്ബ് &ന്യൂസ് മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. ഐ.കെ.എം., പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ